POLICE DEPARTMENT

KERALA

**No. A2-19382/2024/MM**
District Police Office,
Malappuram
✉spmpm.pol@kerala.gov.in
📞04832734983
Dated. 28-02-2024

**പൊന്നാനി കോസ്റ്റൽ പോലീസ് സ്റ്റേഷനിലെ രക്ഷാ പ്രവർത്തന ബോട്ടിലേക്ക് വിദഗ്ധരായ ബോട്ട് ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതിനുള്ള വിജ്ഞാപനം**

പൊന്നാനി കോസ്റ്റൽ പോലീസ് സ്റ്റേഷനിലെ രക്ഷാ പ്രവർത്തന ബോട്ടിലേക്ക് തൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ (89 ദിവസത്തേയ്ക്ക്) താഴെ പറയുന്ന തസ്തികകളിലേക്ക് യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പോലീസ് വകുപ്പ് 12/03/2024 തീയ്യതി രാവിലെ 11 മണിക്ക് പൊന്നാനി കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ വെച്ച് കൂടിക്കാഴ്ച നടത്തുന്നതായിരിക്കും. ഇൻഡ്യൻ നേവി/കോസ്റ്റ് ഗാർഡ്/ബിഎസ്എഫ്/സിആർപിഎഫ്, മുതലായ സേനാ വിഭാഗങ്ങളിൽ നിന്നോ, തത്തുല്യമായ മറ്റ് സേനാ വിഭാഗങ്ങൾ നിന്നോ വിരമിച്ച, നിശ്ചിത യോഗ്യതയും പ്രവൃത്തി പരിചയവും ഉള്ളവർക്കോ, മേൽ വിഭാഗത്തിൽപ്പെടാത്തവരായ നിശ്ചിത യോഗ്യതയും പ്രവൃത്തിപരിചയവും ഉള്ളവർക്കോ കൂടിക്കാഴ്ചയിൽ പങ്കെടുക്കാവുന്നതാണ്.

**1) സ്രാങ്ക് (തസ്തിക 1എണ്ണം)**

യോഗ്യത : ഏഴാം ക്ലാസുവരെ പഠിച്ചിരിയ്ക്കണം

തിരുവിതാംകൂർ, കൊച്ചി, മദ്രാസ് ജനറൽ റൂൾസ് പ്രകാരം നേടിയിട്ടുള്ള ബോട്ട് സ്രാങ്ക് കോംപിറ്റൻസി സർട്ടിഫിക്കറ്റോ തത്തുല്യമായ യോഗ്യതാ സർട്ടിഫിക്കറ്റുകളോ നേടിയിരിയ്ക്കണം.

പ്രവൃത്തി പരിചയം: ബോട്ട് സ്രാങ്ക് ആയി കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിയ്ക്കണം

പ്രായം: 01.01.2024 ൽ 50 വയസ്സ് കവിയാത്തവരായിരിയ്ക്കണം.

ശാരീരിക യോഗ്യത പൊക്കം : 5 അടി 4 ഇഞ്ച് നെഞ്ചളവ് : 31-321/2 ഇഞ്ച്

കാഴ്ചശക്തി: ഓരോ കണ്ണിനും പൂർണ്ണ കാഴ്ചശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻറ്നസ്സ്, സ്ക്വിന്റ്, കണ്ണിലെ മറ്റു പ്രശ്നങ്ങൾ, കൺപോളകളിലെ പ്രശ്നങ്ങൾ എന്നിവ അയോഗ്യരായിരിയ്ക്കും

അപേക്ഷകർ കടലിൽ 500 മീറ്റർ നീന്തൽ ടെസ്റ്റിൽ വിജയിക്കേണ്ടതാണ്.

ശാരീരിക - മാനസിക ആരോഗ്യക്ഷമത തെളിയിയ്ക്കുന്നതിന് ഒന്നാം ഗ്രേഡ് സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സ്ത്രീകൾ, അംഗപരിമിതർ, പകർച്ചവ്യാധി ഉള്ളവർ എന്നിവർ ഈ തസ്തികയിലേയ്ക്കു അപേക്ഷിയ്ക്കുവാൻ അർഹരല്ല.

**2) ബോട്ട് ഡ്രൈവർ (തസ്തിക 2 എണ്ണം)**

യോഗ്യത : ഏഴാം ക്ലാസുവരെ പഠിച്ചിരിയ്ക്കണം

തിരുവിതാംകൂർ, കൊച്ചി, മദ്രാസ്സ് ജനറൽ റൂൾസ് അംഗീകരിച്ച ബോട്ട് ഡ്രൈവേർസ് കോംപിറ്റൻസി സർട്ടിഫിക്കറ്റോ തത്തുല്യമായ യോഗ്യതാ സർട്ടിഫിക്കറ്റോ നേടിയിരിയ്ക്കണം.

പ്രവൃത്തി പരിചയം: കുറഞ്ഞത് 5 വർഷം പുറം കടലിൽ ബോട്ട് ഡ്രൈവർ ആയി പ്രവർത്തിച്ചിരിയ്ക്കണം.

പ്രായം: 01.01.2024 ൽ 50 വയസ്സ കവിയാത്തവരായിരിയ്ക്കണം.

ശാരീരിക ക്ഷമത: പൊക്കം : 5 അടി 4 ഇഞ്ച് നെഞ്ചളവ്: 31-32 1/2 ഇഞ്ച്

കാഴ്ചശക്തി : കണ്ണട ഉപയോഗിക്കാതെ താഴെ പറയുന്ന നിശ്ചിത കാഴ്ചശക്തി ഉണ്ടായിരിക്കണം.

വലതുകണ്ണ് /ഇടതുകണ്ണ്

ഡിസ്റ്റൻറ് 6/6 വിഷൻ 6/6 സ്നെല്ലൻ

നിയർ വിഷൻ 0/5 0/5 സ്നെല്ലൻ

ഓരോ കണ്ണിനും പൂർണ്ണ കാഴ്ചശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻറ്നസ്സ്, സ്കിന്റ്, കണ്ണിലെ മറ്റു പ്രശ്നങ്ങൾ, കൺപോളകളിലെ പ്രശ്നങ്ങൾ എന്നിവ അയോഗ്യരായിരിയ്ക്കും.

അപേക്ഷകർ കടലിൽ 500 മീറ്റർ നീന്തൽ ടെസ്റ്റിൽ വിജയിക്കേണ്ടതാണ്.

ശാരീരിക - മാനസിക ആരോഗ്യക്ഷമത തെളിയിയ്ക്കുന്നതിന് ഒന്നാം ഗ്രേഡ് സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സ്ത്രീകൾ, അംഗപരിമിതർ, പകർച്ചവ്യാധി ഉള്ളവർ എന്നിവർ ഈ തസ്തികയിലേയ്ക്കു അപേക്ഷിയ്ക്കുവാൻ അർഹരല്ല.

**3) ലാസ്കർ (തസ്തിക 2 എണ്ണം)**

യോഗ്യത : ഏഴാം ക്ലാസുവരെ പഠിച്ചിരിയ്ക്കണം.

കേരള മൈനർ പോർട്ട്സ്/ ചീഫ് ഇൻസ്പെക്ടർ ഓഫ് പോർട്ട്സ് നൽകിയിട്ടുള്ള ലാസ്കർ സർട്ടിഫിക്കറ്റ് ഉള്ളവരായിരിക്കണം. ഇതിന് പുറമെ കടലിൽ ജോലി ചെയ്തുള്ള 3 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

ശാരീരിക യോഗ്യത: പൊക്കം : 5 അടി 4 ഇഞ്ച് നെഞ്ചളവ് : 31 ഇഞ്ചും 1.5 ഇഞ്ച് വികാസവും ഉണ്ടായിരിയ്ക്കണം.

പ്രായം: 01.01.2024 ൽ 50 വയസ്സ കവിയാത്തവരായിരിയ്ക്കണം.

കാഴ്ചശക്തി: ഓരോ കണ്ണിനും പൂർണ്ണ കാഴ്ചശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻറ്നസ്സ്, സ്കിന്റ്, കണ്ണിലെ മറ്റു പ്രശ്നങ്ങൾ, കൺപോളകളിലെ പ്രശ്നങ്ങൾ എന്നിവ അയോഗ്യരായിരിയ്ക്കും.

അപേക്ഷകർ കടലിൽ 500 മീറ്റർ നീന്തൽ ടെസ്റ്റിൽ വിജയിക്കേണ്ടതാണ്.

ശാരീരിക - മാനസിക ആരോഗ്യക്ഷമത തെളിയിയ്ക്കുന്നതിന് ഒന്നാം ഗ്രേഡ് സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സ്ത്രീകൾ, അംഗപരിമിതർ, പകർച്ചവ്യാധി ഉള്ളവർ എന്നിവർ ഈ തസ്തികയിലേക്ക് തസ്തികയിലേക്ക് അപേക്ഷിയ്ക്കുവാൻ അർഹരല്ല

നിശ്ചിത യോഗ്യതയുള്ള, തീരദേശ പോലീസ് സ്റ്റേഷനുകളിൽ ജോലി നോക്കാൻ താല്പര്യമുള്ള ഉദ്യോഗാർഥികൾ തിരിച്ചറിയൽ കാർഡ് (ആധാർ, ഇലക്ഷൻ ID കാർഡ്, റേഷൻ കാർഡ് , ഡ്രൈവിങ് ലൈസൻസ് ഇവയിൽ ഏതെങ്കിലും ഒന്ന് ) 2 ഫോട്ടോഗ്രാഫ്, വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ, കണ്ണിന്റെ കാഴ്ച പരിശോധിച്ച സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം 12/03/2024 തീയതി രാവിലെ 7.00 മണിക്ക് മലപ്പുറം ജില്ലയിലെ പൊന്നാനി കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ഹാജരാകേണ്ടതാണ്

SASIDHARAN S IPS
District Police Chief

Internal Administrative Processing System
iAPS
KERALA POLICE